"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-23-09-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 'വിശപ്പ രഹിതം കേരളം പദ്ധതി - ജനകീയ ഹോട്ടൽ' പദ്ധതിയ്ക്ക് ഗ്രാമ പഞ്ചായത്തു മുഖേന നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1996/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/10/2020

---

പരാമർശം:- 1 പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.05.2020-ലെ കത്ത്

2 23.09.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.43(iii) -ാം നമ്പർ തീരുമാനം

**ഉത്തരവ്**

പറവൂർ ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ജനകീയ ഹോട്ടലിന് ധനസഹായമായി 3.00 ലക്ഷം രൂപ നൽകുന്നതിനുള്ള പ്രോജക്റ്റിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യം പരിഗണിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി, ഗ്രാമപഞ്ചായത്തിന് കൈമാറി സർക്കാർ ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമ പഞ്ചായത്തു മുഖേന നടപ്പാക്കാൻ പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ജനകീയ ഹോട്ടലിന് ധനസഹായം നൽകുന്ന പദ്ധതിയ്ക്ക്, ഗ്രാമപഞ്ചായത്തിന് കൈമാറി സർക്കാർ ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമ പഞ്ചായത്തു മുഖേന നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, പറവൂർ, എറണാകുളം

ജില്ലാ പ്ലാനിംഗ് ഓഫീസർ,എറണാകുളം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

✓ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.10.27 10:52:55 IST
Reason: Approved

സെക്ഷൻ ഓഫീസർ